(സി) 2003 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 381357 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 14 വയസ് പൂർത്തിയായ ഏതൊരാൾക്കും വയസ് തെളിയിക്കുന്നതിനുള്ള രേഖ സഹിതം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഇ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കണമെന്നത് ദേശീയതലത്തിൽ കൈക്കൊണ്ടിരിക്കുന്ന തീരുമാനമാണ്. എംപ്ലോയ്മെന്റ് വകുപ്പിന്റെ ഇത്തരത്തിലുള്ള പൊതുനയങ്ങൾ ദേശീയ തലത്തിൽ രൂപീകൃതമാകുന്നതിനാലും, ഒരു സംസ്ഥാനത്തുള്ള രജിസ്ട്രേഷൻ രാജ്യത്തിന്റെ ഏത് സംസ്ഥാനത്തേക്കും മാറ്റി വാങ്ങാമെന്നതിനാലും ഇത്തരത്തിലുള്ള പൊതുനയങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ദേശീയതലത്തിൽ മാത്രമേ സാദ്ധ്യമാവൂ. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗും ദേശീയ വർക്കിംഗ് ഗ്രൂപ്പുകളുമാണ് ഇത്തരത്തിലുള്ള തീരുമാനങ്ങൾ സ്വീകരിച്ചുവരുന്നത്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി 2001-ൽ 9116 പേർക്കും, 2002-ൽ 12414 പേർക്കും, 2003 ഒക്ടോബർ 31 വരെ 8357 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന തൊഴിൽ ലഭിച്ചിട്ടുണ്ട്.

ഹയർ സെക്കന്ററി അദ്ധ്യാപക നിയമന വ്യവസ്ഥകൾ

52 [484] ശ്രീ. സി. പി. മുഹമ്മദ്:
,, എൻ. ഡി. അപ്പച്ചൻ:
,, വർക്കല കഹാർ:
,, കെ. മുഹമ്മദാലി:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള അർഹത ആർക്കെല്ലാമാണ്;

(ബി) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ ബിരുദാനന്തര ബിരുദം, ബി.എഡ്., എം.എഡ്., ഡോക്ടറേറ്റ് എന്നീ യോഗ്യതയുള്ളവർ എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

2/404/2012—16.

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-12-2003-ന് തൊട്ടു മുമ്പുള്ള രണ്ടു വർഷങ്ങളിൽ ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനായി ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ എത്ര പ്രാവശ്യം കൺസൾട്ട് ചെയ്തു;

(ഡി) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും എത്ര പേരുടെ ലിസ്റ്റ് ഇപ്രകാരം ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിന് ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് നൽകി;

(ഇ) ഇവരിൽ നിന്നും എത്രപേർക്ക് ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമനം നൽകി;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൺസൾട്ടു ചെയ്തു മാത്രമേ ഒഴിവുകൾ നികത്താവൂ എന്ന് വ്യവസ്ഥയുണ്ടോ;

(ജി) എങ്കിൽ ഈ വ്യവസ്ഥ ലംഘിക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യാൻ നിയമമുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഹയർ സെക്കന്ററി സ്കൂളുകളിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ കൺസൾട്ട് ചെയ്യാതെ നിയമനം നടത്തി എന്ന കാരണത്താൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ ബന്ധപ്പെട്ടവരെ പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടോ;

(ഐ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 50% മാർക്കിൽ കുറയാതെ പാസായ ബിരുദാനന്തര ബിരുദമോ, പ്രൊഫഷണൽ ബിരുദമോ, ബിരുദത്തിനുശേഷം നേടുന്ന പി. ജി. ഡിപ്ലോമയോ യോഗ്യതയുള്ളവർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) 1. ബിരുദാനന്തര ബിരുദം .. 28326

2. ബി.എഡ്. .. 14102

3. എം.എഡ്. .. 333

4. ഡോക്ടറേറ്റ് .. 167

(സി) വിവരം ശേഖരിച്ചു ഉടനെ നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവരിൽ നിന്ന് 531 പേരെ അദ്ധ്യാപകരായി 2003-04-ൽ നിയമിച്ചു.

(എഫ്) 1959-ലെ (കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട് സെക്ഷൻ 4(1) പ്രകാരം എല്ലാ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ അതാതു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം മാത്രമേ നികത്തുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

(ജി) ഉണ്ട്.

(എച്ച്) വിവരം ശേഖരിച്ചു വരുന്നു.

(ഐ) പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനുമുമ്പ് സി.എൻ.വി. ആക്ട് പ്രകാരം പരിശോധന നടത്തുക, ആക്ട് ലംഘനം കണ്ടെത്തുന്ന പക്ഷം വിശദീകരണം ചോദിക്കുക, കാരണം കാണിക്കൽ നോട്ടീസ് നൽകുക തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ആക്ട് ലംഘനം നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്താനായുള്ള പരിശോധന നടന്നുവരികയാണ്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയുള്ള നിയമനം

53 [485] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ കോഴിക്കോട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് എത്ര പേർക്ക് ജോലി നൽകുന്നതിന് ഇന്റർവ്യൂകാർഡ് അയച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകളിലേക്കുള്ള നിയമനത്തിനായി എത്ര പേർക്ക് ഇന്റർവ്യൂ കാർഡുകൾ അയച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മേൽപ്പറഞ്ഞ വകുപ്പുകളിൽ ജോലി ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വർഷം ഇതുവരെ കോഴിക്കോട് ജില്ലയിൽ 12188 പേരെ വിവിധ ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. എന്നാൽ ഇന്റർവ്യൂകാർഡ് അയയ്ക്കുന്നത് ബന്ധപ്പെട്ട തൊഴിൽദായകനാണ്.

LIBRARY ARCHIVES Kerala Legislative Assembly